# മദ്യനയത്തെ സംബന്ധിച്ചുള്ള തർക്കം പരിഹരിക്കുവാൻ പ്രായോഗികതലത്തിലുള്ള തീരുമാനമാണ് വേണ്ടത്

കേരളത്തിലെ ഇപ്പോഴത്തെ മദ്യനയത്തെ സംബന്ധിച്ച് വലിയ വിവാദങ്ങൾ പല ഭാഗങ്ങളിൽനിന്നും ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. മദ്യനിരോധനം വേണമെന്നും അതല്ല, ഘട്ടംഘട്ടമായ മദ്യവർജ്ജനമാണ് വേണ്ടത് എന്നുമുള്ള തർക്കമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഏതായാലും ഈ വിഷയത്തിൽ സമൂഹം നേരിടുന്ന ഈ പ്രതിസന്ധിയിൽ, പ്രായോഗികതലത്തിൽ ചിന്തിച്ച് തീരുമാനമെടുക്കുകയാണ് ബന്ധപ്പെട്ട അധികാരികൾ ചെയ്യേണ്ടത്.

ജീവജാലങ്ങൾ നിലനിൽപിന് ആവശ്യമായ ഊർജ്ജം സമാഹരിക്കുന്നത് ഇഷ്ടപ്പെട്ടതോ ലഭ്യമാകുന്നതോ ആയ ആഹാരപദാർത്ഥങ്ങളിലൂടെയാണ്. മനുഷ്യന്റെ കാര്യവും അതിൽനിന്നു വ്യത്യസ്തമല്ല. സസ്യം, മത്സ്യം, മാംസം എന്നീ വിഭവങ്ങളാണ് അതിനുവേണ്ടി അഭിരുചിക്കനുസരണമായി തിരഞ്ഞെടുക്കുന്നത്. ഇവയെല്ലാം ശാസ്ത്രീയമായി പാകം ചെയ്ത്, ആവശ്യാനുസരണം മാത്രം നിശ്ചിതസമയങ്ങളിൽ കഴിക്കുന്നവർക്ക് ഊർജ്ജം യഥാവിധി സംഭരിക്കുന്നതിനും ആരോഗ്യം നിലനിർത്തുന്നതിനും കഴിയുന്നു. എന്നാൽ ഇക്കൂട്ടത്തിൽ അല്പം മദ്യംകൂടി അകത്താക്കിയാൽ അതിനൊരു സുഖം വേറെ, എന്നു ചിന്തിക്കുന്നവരുടെ എണ്ണം വൻതോതിൽ വർദ്ധിച്ചുവരുകയാണ്. അങ്ങനെ സസ്യ, മാംസഭക്ഷണങ്ങളെപ്പോലെ മദ്യവും ഒഴിവാക്കപ്പെടാൻ പറ്റാത്ത ഒരു ഭക്ഷണസാധനമായിത്തീർന്നിരിക്കുകയാണ്. സാധാരണ ഭക്ഷണത്തോടൊപ്പം ഇടപോക്ക് എന്ന തരത്തിൽ വിദേശികൾ മദ്യം ക്രമത്തിന് ഉപയോഗിക്കുമ്പോൾ, നമ്മുടെ നാട്ടിലാകട്ടെ സാധാരണ കഴിക്കേണ്ട ഭക്ഷണം മദ്യത്തിന് തൊടുകറിയായി മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ എത്തിനിൽക്കുന്നു. പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ ഭേദമില്ലാതെ ജനങ്ങളെ കൂടുതൽ ഇവിടേക്ക് ആകർഷിക്കുന്ന സാഹചര്യമാണ് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം നമ്മുടെ രാജ്യത്തേയും ജനജീവിതത്തേയും തകർത്തുകൊണ്ടിരിക്കുകയാണ്. ഇതിന് അടിപ്പെടുന്നവരെ സംബന്ധിച്ചിടത്തോളം, ആരോഗ്യപരവും സാമ്പത്തികവും ആയി അവർക്കുണ്ടാകുന്ന നഷ്ടം മാത്രമല്ല, അവരെ ചുറ്റിപ്പറ്റിനിൽക്കുന്ന കുടുംബങ്ങളേക്കൂടി സർവനാശത്തിലേക്കു നയിക്കുന്നു എന്നതാണ് പരമാർത്ഥം. അതീവഗുരുതരാവസ്ഥയിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്ന ഈ സാമൂഹ്യവിപത്തിനെ നേരിടാൻ സർക്കാരും, സാമൂഹ്യപ്രസ്ഥാനങ്ങളും, സന്നദ്ധസംഘടനകളും, ഒപ്പം ജനങ്ങളും തയ്യാറാവുകയാണ് വേണ്ടത്.

നമ്മുടെ സമൂഹത്തെപ്പോലും രോഗാതുരമാക്കുന്നതും, എല്ലാത്തരം കുറ്റകൃത്യങ്ങൾക്കും ഇടയാക്കുന്നതുമായ, പെരുകിവരുന്ന മദ്യാസക്തി വരുംതലമുറകൾക്കുപോലും ശാപമായി മാറിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, അതിനു വിധേയരായവരെയും, നമ്മുടെ രാജ്യത്തിന്റെ സംസ്കാരത്തെയും മോചിപ്പിക്കാൻ ആവശ്യമായതൊക്കെ അടിയന്തിരമായി ചെയ്യേണ്ട ബാദ്ധ്യത സർക്കാരിനുണ്ട്.

മദ്യം ഔഷധമായും ഔഷധരൂപേണയും മനുഷ്യശരീരത്തിന് ഒരു പരിധി വരെ ആവശ്യമായിരിക്കാം. അത് അനുപേക്ഷണീയവുമാകാം. എന്നാൽ വിശേഷദിവസങ്ങളും ആഘോഷവേളകളും മദ്യപാനത്തിന് അവസരമാക്കുന്നതും, സ്ഥിരമദ്യപാനവുമാണ് സർവനാശത്തിൽ കൊണ്ടെത്തിക്കുന്നത്. ക്രിസ്തുമസ്, വിഷു തുടങ്ങി മതാചാരപ്രകാരമുള്ള ആഘോഷവേളകളിലും, ഓണം തുടങ്ങിയ ദേശീയ ഉത്സവവേളകളിലും വർദ്ധിച്ചുവരുന്ന മദ്യാസക്തി കണ്ടുമടുക്കുകയാണ് നാം. ഈ ഓണാഘോഷവേളയിൽ സർക്കാർനിയന്ത്രണത്തിലുള്ള ബിവറേജസ് കോർപ്പറേഷൻവഴി മാത്രം വിറ്റഴിച്ച വിദേശമദ്യത്തിന്റെ കണക്ക് ആരെയും അമ്പരപ്പിക്കുന്നതാണ്. അതിനുപുറമേ മറ്റു മാർഗ്ഗങ്ങളിലൂടെ, ഈ വേളയിൽ നമ്മുടെ സംസ്ഥാനത്ത് ഒഴുകിയെത്തിയ മദ്യത്തിന്റെ കണക്ക് എത്രയോ ഇരട്ടിയാണ് എന്ന് അറിയേണ്ടിയിരിക്കുന്നു. ടാക്സ് എന്ന നിലയിൽ മുഖ്യവരുമാനമായി സർക്കാരിനു മുതൽകൂട്ടാനും, മദ്യമുതലാളിമാർക്കും വിറ്റഴിക്കുന്നവർക്കും സാമ്പത്തികനേട്ടമുണ്ടാക്കാനും, മദ്യപന്മാർക്ക് അല്പസുഖത്തിനും വേണ്ടി നടക്കുന്ന ഈ കച്ചവടത്തിൽ നഷ്ടപ്പെടുന്നത് നിരവധി മനുഷ്യജന്മങ്ങളും, ലക്ഷോപലക്ഷം കുടുംബങ്ങളുമാണെന്നുള്ള തിരിച്ചറിവ് ഉണ്ടാവേണ്ടതാണ്.

യുവതലമുറയാണ് കൂടുതലായും ഈ കെണിയിൽ അകപ്പെട്ടുകൊണ്ടിരിക്കുന്നത്. ബോധവൽക്കരണത്തിലൂടെ അവരെ ഇതിൽനിന്നും പിൻതിരിപ്പിക്കുകയെന്നതാണ് കരണീയമായിട്ടുള്ളത്. സമ്പൂർണ്ണ മദ്യവർജ്ജനമെന്നത് പ്രായോഗികമാണെന്നു കരുതാനാവില്ല. ഔഷധമെന്നപോലെ നിശ്ചിത അളവിൽ, സ്വരക്ഷയ്ക്ക് മദ്യവും ക്രമം തെറ്റാതെ വേണ്ടവരുണ്ട്. അങ്ങനെയുള്ളവർക്ക് നല്ല മദ്യം ന്യായമായ വിലയ്ക്ക് അംഗീകൃതസ്ഥാപനങ്ങൾവഴി നൽകാനുള്ള സാഹചര്യം ഒരുക്കുകയാണ് സർക്കാർ ചെയ്യേണ്ടത്. വ്യാജമദ്യം സമ്പൂർണ്ണമായും നിരോധിക്കണം. അതോടൊപ്പം സന്നദ്ധസംഘടനകളുടെ സഹായത്തോടെ മദ്യാസക്തിയിലകപ്പെട്ടവരെ പിന്തിരിപ്പിക്കാനും മദ്യത്തിനടിമകളായവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാനുള്ള ബോധവൽക്കരണപ്രവർത്തനവും നടക്കണം. അതുവഴി മാത്രമേ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാനാവൂ.